(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടത്തിയ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ശബരി പീഠം മുതൽ മരക്കൂട്ടം വരെയുള്ള കൃകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിന്റെ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം, കടുവാത്തോട്ടിലെ ചെക്ക് ഡാമിന്റെ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇന്റർലോക്ക് ടൈൽ വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ അടിപ്പാത, നിലയ്ക്കലിലെ കഴൽക്കിണർ നിർമ്മാണം, മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള കൃകോംപ്ലക്സുകളുടെ നിർമ്മാണം, സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പയിലും സന്നിധാനത്തും ടോയിലറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 10000 വാഹനങ്ങൾ പാർക്ക് ചെയ്യാവുന്ന സ്ഥലം തുടങ്ങിയ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലയ്ക്കലിലെ റോഡുകളുടേയും പാർക്കിംഗ് ഏരിയകളുടേയും വിപുലീകരണവും പമ്പയിലെ റസ്റ്റോറന്റ് ബ്ലോക്ക് എന്നിവ പൂർത്തിയായി വരുന്നു.

(സി) 2050 വരെയുള്ള ആസൂത്രിത വികസന പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്നത്. മാസ്റ്റർപ്ലാനിൽ നിർദ്ദേശിക്കുന്ന പ്രകാരം മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയും ഹൈപവർ കമ്മിറ്റിക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയും ബന്ധപ്പെട്ട കൺസൾട്ടന്റ്മാരും കാലാകാലങ്ങളിൽ കൂടിയാണ് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നത്.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള കരാർ

18 (*78) ശ്രീ. വി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ സർക്കാരുമായി എഗ്രിമെന്റ്വയ്ക്കാത്ത കോളേജുകൾക്ക് അംഗീകാരം നൽകാതിരിക്കലും നൽകിയിട്ടുള്ള സൗകര്യങ്ങൾ പിൻവലിക്കുന്നതുമുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തുകയുണ്ടായോ ; എങ്കിൽ അവ ഏതൊക്കെയെന്നും പ്രവേശനത്തിന് അവ സ്വീകരിച്ച രീതിയും അറിയിക്കുമോ ;

(സി) ന്യൂനപക്ഷ പദവിയുള്ള ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾ വൻതുക കോഴ വാങ്ങിയതായി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കരാറിൽ ഏർപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന വിശദമാക്കുമോ ; വ്യത്യസ്ത കോളേജുകൾക്ക് വ്യത്യസ്ത രീതിയിലുള്ള ഫീസ് വാങ്ങാൻ അനുമതി നൽകിയിരിക്കുന്നതിന്റെ മാനദണ്ഡം അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): (എ) പാലിച്ചിട്ടുണ്ട്. 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006) ലെ 14(1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറിനിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂനപക്ഷ പദവിയുള്ള താഴെപ്പറയുന്ന 6 സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്.

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം.
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ.
6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്.

പ്രവേശനത്തിനായി സ്വന്തം നിലയ്ക്ക് പ്രോസ്പെക്ടസ് തയ്യാറാക്കുകയും ആയതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയശേഷം പ്രസ്തുത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവേശനം നടത്തിയെന്നുമാണ് മനസ്സിലാകുന്നത്.

(സി) സർക്കാരിനെ അറിയിച്ചിട്ടില്ല.

(ഡി) സർക്കാരുമായി കരാറിലേർപ്പെടുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾക്ക് രൂപ 8,50,000 (എട്ടുലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ആണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ നിർധനരായ വിദ്യാർത്ഥികൾക്ക് അഞ്ചു വർഷത്തെ പഠനം പൂർത്തിയാക്കുന്നതിനായി സ്കോളർഷിപ്പ് നൽകാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെട്ട ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് എല്ലാ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒരേ ഫീസ് ഈടാക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

ക്യാൻസറിനെതിരെ ബോധവൽക്കരണം

19 (*79) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗത്തിനെതിരെ സ്വീകരിച്ചുവരുന്ന ബോധവൽക്കരണ പരിപാടികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ തലത്തിൽ ക്യാൻസർ രോഗിക്ക് ലഭിക്കുന്ന സൗജന്യ ചികിത്സയും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly